പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2751 — 19-12-2012-ൽ മറുപടിയ്ക്ക്

## യൂത്ത് കോ-ഓർഡിനേറ്റർ

ശ്രീ.റ്റി.എ.അഹമ്മദ് കബീർ
ശ്രീ.കെ.എം.ഷാജി
ശ്രീ.പി.കെ.ബഷീർ
ശ്രീ.എം.ഉമ്മർ

കുമാരി.പി.കെ.ജയലക്ഷ്മി
(ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; <br> (ബി) ഇവരുടെ പ്രവർത്തന പരിധി എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) യുവജനങ്ങളെയും യുവജന കൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേമ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്ന യുവശക്തി പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലെയും മുഴുവൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയിൽ രൂപീകരിച്ചിട്ടുള്ള നിശ്ചിതഘടനയിലുള്ള യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി മുഖേന ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനാണ് യൂത്ത് കോ- ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുള്ളത്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയാണ് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനപരിധി. |
| (സി) ഇവരുടെ പ്രവർത്തനം കൊണ്ടുണ്ടായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; <br> (ഡി) ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) & (ഡി) യുവജനക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ സഹായിക്കുക, ലേബർബാങ്ക്, യുവകർമ്മസേന, ബ്ലഡ് ഡോണേഷൻ ഫോറം, തൊഴിൽ ക്ലബ് എന്നിവയുടെ രൂപീകരണം, യുവാക്കൾക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, സ്വയംതൊഴിൽ സംരംഭകത്വ പരിശീലനം, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് യുവാക്കളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, യുവജന ക്ലബുകളുടെ |

കോ-ഓർഡിനേഷൻ, യുവ കാർഷിക ക്ലബുകളുടെ രൂപീകരണവും പ്രവർത്തനവും, കമ്മ്യൂണിറ്റി സ്പോർട്സിന്റെ വികസനം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം മൂലം സാധിച്ചിട്ടുണ്ട്. നിലവിൽ 40% തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ മാത്രമേ യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നുള്ളൂ. യുവശക്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ ബ്ലോക്ക് യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ച യൂത്ത് റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നതിനായി കെട്ടിടവും കമ്പ്യൂട്ടറും ഉൾപ്പെടെയുള്ള സൗകര്യങ്ങളും ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ബ്ലോക്കുതല കേന്ദ്രങ്ങളായി യൂത്ത് സെന്ററുകൾ മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ